പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 398 — 11.06.2013 -ൽ മറുപടിക്ക്

മിനി ബസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. കെ ശശീന്ദ്രൻ<br>" തോമസ് ചാണ്ടി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് ആകെ എത്ര മിനി ബസ്സുകൾ ഉണ്ട് ; അതിൽ സർവ്വീസ് നടത്തുന്നവ എത്ര ; | (എ) | കെ.എസ്.ആർ.ടി.സി-ക്ക് 22 മിനി ബസുകൾ നിലവിലുണ്ട്. 22 എണ്ണവും സർവ്വീസിന് യോഗ്യമാണ്. |
| (ബി) | പ്രസ്തുത മിനി ബസ്സുകൾക്കു വേണ്ടി സ്പെയർ പാർട്സ് വാങ്ങിയ ഇനത്തിൽ എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്താമോ ; | (ബി) | കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടായിരുന്ന 365 മിനിബസുകൾക്കുവേണ്ടി 2003 -മുതൽ ടയർ, ട്യൂബ്, ഫ്ളാപ്പ്, സ്പെയർ പാർട്സുകൾ എന്നിവ വാങ്ങിയ വകയിൽ 4,97,54,402 രൂപ ചെലവായിട്ടുണ്ട്. നിലവിൽ മിനിബസുകൾക്ക് വേണ്ടി സ്പെയർ പാർട്സുകൾ വാങ്ങുന്നില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ സെൻട്രൽ സ്റ്റോറിൽ എത്ര കോടി രൂപയുടെ സ്പെയർ പാർട്സ് കെട്ടിക്കിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ ; ഇതിൽ ഉപയോഗയോഗ്യമായവ എത്ര ; | (സി) | 5,54,40,039 രൂപയ്ക്കുള്ള സ്പെയർ പാർട്സുകൾ സ്റ്റോക്കുണ്ട്. ഇതിൽ ഉപയോഗയോഗ്യമായവ 4,78,88,279 രൂപയ്ക്കുള്ളതാണ്. |
| (ഡി) | ഇ-ടിക്കറ്റ് മെഷീനും, ജി.പി.എസ്. മെഷീനും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ? | (ഡി) | ജി.പി.ആർ.എസ്, ആർ.എഫ്.ഐ.ഡി എന്നീ സംവിധാനങ്ങളുള്ള നാലായിരം ഇ.ടി ടിക്കറ്റ് മെഷീനും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഓപ്പൺ ടെൻഡർ പ്രകാരം ദർഘാസുകൾ സ്വീകരിക്കുകയും വിതരണ ഉത്തരവ് നല്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇതിനു ഏകദേശം 10 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ